# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആവോലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)1011/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/10/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)1011/2025 തീയ്യതി: 06/10/2025

# എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 19-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| | |

| | |
|---|---|
| 11-08-2025 | 19-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ജോമോൾ എം. ജോണി, ഓഡിറ്റ് ഓഫീസർ
ശ്രീമതി നസീറ ബാനു എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെൽമി ജോൺസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.കാർത്തികേയൻ | സെക്രട്ടറി | 01-04-2024 | 02-09-2024 |
| ശ്രീ.ബാബുജി റ്റി.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2024 | 10-09-2024 |
| ശ്രീമതി .ഹസീന പി.മൈതീൻ | സെക്രട്ടറി | 11-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബുജി റ്റി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-12-2024 |
| ശ്രീമതി . പ്രിൻസി ട്രീസ വർഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2025 | 31-03-2025 |
| ഡോ.പ്രീതി പീറ്റർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച.സി.),ആനിക്കാട് | 01-04-2024 | 31-03-2025 |
| ശ്രീ. മഞ്ജുഷ് ജോസഫ് | വി.ഇ.ഒ.(ആനിക്കാട്) | 01-04-2024 | 30-09-2024 |
| ശ്രീമതി. ശോഭ പി.ജി. | വി.ഇ.ഒ.(ആനിക്കാട്) | 01-10-2024 | 31-03-2025 |
| ശ്രീമതി. ഹരിത പി.എച്ച്. | വി.ഇ.ഒ.(ആവോലി) | 01-04-2024 | 31-03-2025 |
| ഡോ.ജോർലിൻ ജോസഫ് | മെഡിക്കൽ ഓഫീസർ(ആയുർവേദം.) | 01-04-2024 | 31-03-2025 |
| ഡോ. എമിൽ പി.എ. | മെഡിക്കൽ ഓഫീസർ(ഹോമിയോ.) | 01-04-2024 | 22-10-2024 |
| ഡോ.ഷിനോ തോമസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ.) | 23-10-2024 | 31-03-2025 |
| ഡോ.ആഷ എബ്രാഹാം | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ ഷാജി ഇ കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി അമ്പിളി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 21-08-2024 |
| ശ്രീമതി.ശ്രീജ ഗോപീനാഥ് | ഐ സി ഡി എസ് സൂപ്പർവൈസർ | 22-08-2024 | 31-03-2025 |
| ശ്രീ സാബു എം കൊട്ടാരം | ഹെഡ്മാസ്റ്റർ | 01-04-2024 | 14-06-2024 |
| ശ്രീമതി.സെലീന ജോർജ് | ഹെഡ്മിസ്ട്രസ്(എൽ.പി.എസ്.,കാവന) | 15-06-2024 | 31-03-2025 |
| ശ്രീ.ജെയ്മോൻ കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും B1 ഷെഡ്യൂളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-5 |
| 7 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ ഡെപ്പോസിറ്റ് തുക ആസ്തി ശീർഷകത്തിലേക്ക് മാറ്റി | 1-1-6 |
| 8 | സംയുക്ത പ്രോജക്ടിന് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | കരാറുകാരുടേയും, പ്രൊഫഷണലുകളുടേയും തൊഴിൽനികുതി ഈടാക്കിയില്ല | 1-10 |
| 18 | തൊഴിൽനികുതി ഈടാക്കിയില്ല | 1-11 |
| 19 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-12 |
| 20 | നിർമ്മല കോളേജ് - ക്രമവത്കരിക്കാനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കേണ്ടതാണ്. | 1-13 |
| 21 | IFTE&OS ലൈസൻസ് - ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |
| 22 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-15 |
| 23 | എംസിഎഫിലേക്ക് ബെയ്‌ലിംഗ് മെഷിൻ വാങ്ങിയത് സ്ഥാപിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| 24 | ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം -നാഷണൽ ആയുഷ് മിഷനിൽ നിന്നും വിനിയോഗ വിവരം ലഭ്യമല്ല | 1-17 |
| 25 | ആവോലി ഫെസ്റ്റ് - അനുമതി ലഭിക്കുന്നതിനുമുൻപേ നടപ്പാക്കി | 1-18 |
| 26 | ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസ് തുക സൂക്ഷിച്ചിട്ടില്ല | 1-19 |
| 27 | ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-20 |
| 28 | ആയുർവ്വേദം - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-21 |
| 29 | വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിച്ചില്ല | 1-22 |
| 30 | സ്വപ്നഭൂമി - ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 31 | പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകകൾ ജൽജീവൻ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല | 1-24 |
| 32 | പ്രവൃത്തി താമസിച്ച് പൂർത്തീകരിച്ചതിനുള്ള പിഴ ഈടാക്കിയിട്ടില്ല | 1-25 |
| 33 | പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക നിലനിൽക്കുന്നു. | 1-26 |
| 34 | ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന പുരോഗതി | 1-27 |
| 35 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-28 |
| | **ഭാഗം 2** | |
| 1 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 8 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 10 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 12 | തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **10.06.2025** ലെ **2-ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21-06-2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആവോലി ഗ്രാമപഞ്ചായത്തി**ന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആവോലി ഗ്രാമപഞ്ചായത്തി**ന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം :** എറണാകുളം
**തീയതി: 06.10.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും B1 ഷെഡ്യൂളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-1593050/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-10876434/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും, സഞ്ചയ-യിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-1-5 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

പ്രൊജക്റ്റ് നം. S0165/25 പ്രകാരം 20,00,000/- രൂപ ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം നാഷണൽ ആയുഷ് മിഷന് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. ഈ തുക Advance To Implementing Agencies- Deposit With Acredited Agencies എന്ന

ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. ആയതിനാൽ, ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം കിട്ടിയില്ലെങ്കിലും ചെലവ് തുക B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-6 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ ഡെപ്പോസിറ്റ് തുക ആസ്തി ശീർഷകത്തിലേക്ക് മാറ്റി

മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ₹1,66,870ന്റെ ചെലവ് ബന്ധപ്പെട്ട ആസ്തി ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

### 1-1-7 സംയുക്ത പ്രോജക്ടിന് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

പച്ചിനാൽത്താഴം പ്രവിടാക്കുന്ന് റോഡ് ലിങ്ക് നടപ്പാത കോൺക്രീറ്റിംഗ് പ്രോജക്ടിന് (നമ്പർ S0091/25) എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹8,00,000ന്റെ വരവും, ചെലവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

### 1-2 ബജറ്റ്

ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 07.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 24.02.2025 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം

| ബജറ്റ് എസ്റ്റിമേറ്റ് | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | ₹2,95,59,941.00 |
| വരവ് | ₹21,58,87,703.00 |
| ആകെ | ₹24,54,47,644.00 |
| ചെലവ് | ₹24,31,10,610.00 |
| നീക്കിയിരിപ്പ് | ₹23,37,034.00 |

റിവൈസ്ഡ് ബജറ്റ് പ്രകാരം

| ബജറ്റ് എസ്റ്റിമേറ്റ് | ബജറ്റ് (റിവൈസ്ഡ്) |
|---|---|
| മുന്നിരിപ്പ് | ₹1,17,37,217.00 |
| വരവ് | ₹15,93,01,577.00 |
| ആകെ | ₹171038794.00 |
| ചെലവ് | ₹168035815.00 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹3002979.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹24334568.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹4,75,37,514.00 |
| ആകെ | : | ₹7,18,72,082.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹4,91,30,564.00 |
| നീക്കിയിരുപ്പ് | : | ₹2,27,41,518.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) | നീക്കിയിരിപ്പ് തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 1,32,71,200 | 1,32,71,200 | 1,32,14,498 | 56,702 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | 26,23,000 | 26,23,000 | 22,73,429 | 3,49,571 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | 1,14,000 | 1,14,000 | 95,100 | 18,900 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 1,39,57,000 | 1,39,57,000 | 1,38,99,498 | 57,502 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 41,55,000 | 41,55,000 | 41,52,871 | 2,329 | - |
| ധനകാര്യകമ്മീഷൻ അവാർഡ് | 11,36,710 | 23,39,131 | 34,75,841 | 29,06,795 | | 5,69,046 |

| | | | | | | |
|---|---|---|---|---|---|---|
| അൺടൈഡ് (ബാങ്ക്) | | | | | | |
| ധനകാര്യകമ്മീഷൻ അവാർഡ് അൺടൈഡ് (ട്രഷറി) | | 26,404 | 26,404 | 23,300 | 3,104 | |
| ധനകാര്യകമ്മീഷൻ അവാർഡ് ടൈഡ് (ബാങ്ക്) | 4,37,735 | 48,86,831 | 53,24,566 | 31,04,562 | | 22,20,004 |
| ധനകാര്യകമ്മീഷൻ അവാർഡ് ടൈഡ് (ട്രഷറി) | | ₹5,19,395 | ₹5,19,395 | 4,58,132 | 61,263 | |
| ഐ.സി.ഡി.എസ്. 320100196 | 10,78,336 | 12,65,576 | 23,43,912 | 8,28,603 | | 15,15,309 |
| അങ്കണവാടി നെയിം ബോർഡ് 320200399 | 11,862 | 0 | 11,862 | 0 | | 11,862 |
| ശുചിത്വമിഷൻ 320100198 | 58,581 | 12,000 | 70,581 | 70,581 | | 0 |
| ഹെൽത്ത് ഗ്രാന്റ് – ഡൈഗ്നോസ്റ്റിക്സ് ഇൻഫ്രാസ്ട്രക്ചർ 320100202 | 2,46,174 | 3,37,187 | 5,83,361 | 2,89,278 | | 2,94,083 |
| ഹെൽത്ത് ഗ്രാന്റ് – വെൽനസ് സെന്റർ 320100204 | 5,684 | 5,43,359 | 5,49,043 | 0 | | 5,49,043 |
| എൻഎച്ച്എം 320100139 | 0 | 6,96,561 | 6,96,561 | 6,96,561 | | 0 |
| സ്വച്ചതാ ഭാരത് അഭിയാൻ 320100174 | 0 | 8,12,235 | 8,12,235 | 8,12,235 | | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320100160 | 5,30,000 | 0 | 5,30,000 | 0 | | 5,30,000 |
| ടോട്ടൽ സാനിട്ടേഷൻ – പിബിഐജി 320300103 | 62,627 | 0 | 62,627 | 0 | | 62,627 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത ഗ്രാന്റ് 320100197 | 10,685 | 337 | 11,022 | 1,180 | | 9,842 |
| വിമുക്തി 320100190 | 16,000 | 0 | 16,000 | 16,000 | | 0 |
| ദുരന്ത നിവാരണം 320100195 | 1,00,000 | 0 | 1,00,000 | 0 | | 1,00,000 |
| ഭവനനിധി 320500101 | 3,186 | 91 | 3,277 | 0 | | 3,277 |
| ഫ്ലഡ് റീലീഫ് ഗ്രാന്റ് 320100192 | 0 | 1,00,000 | 1,00,000 | 0 | | 1,00,000 |

കുറിപ്പ് :-

* വികസന ഫണ്ട് (ജനറൽ) വരവിൽ ₹34,69,548 ജി.ഒ. പ്രോജക്ടും, ചെലവിൽ ₹18,91,613 ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഉൾപ്പെടുന്നു.
* വികസന ഫണ്ട് (എസ് സി പി) വരവിൽ ₹3,87,943 ജി.ഒ. പ്രോജക്ട് ഉൾപ്പെടുന്നു.
* സംരക്ഷണ ഗ്രാന്റ് (റോഡിതരം) ചെലവിൽ ₹2,98,105 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടുന്നു.

. *ധനകാര്യകമ്മീഷൻ അവാർഡ് ടൈഡ് (ബാങ്ക്) വരവിൽ ₹1,02,917 ബാങ്ക് പലിശ ഉൾപ്പെട്ടിട്ടുണ്ട്.

. ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) വരവിൽ മുൻവർഷം തെറ്റായി അക്കൗണ്ട് ചെയ്ത ₹7831 ഉൾപ്പെടുന്നു. ചെലവിൽ ₹6,37,082.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 232 | 10,77,63,055 | 6,48,67,348 | 148 | 40 | 44 | 63.79 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6 | 15,44,956 | 15,44,962 | 15,44,734 | 228 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,25,04,699 | 1,25,04,699 | 1,25,04,699 | 0 |
| **ആകെ** | 6 | 1,40,49,655 | 1,40,49,661 | 1,40,49,433 | 228 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹20,08,800.00 | 129 |
| വിധവാപെൻഷൻ | ₹89,96,500.00 | 594 |
| വാർദ്ധക്യകാല പെൻഷൻ | ₹2,36,41,100.00 | 1640 |
| വികലാംഗ പെൻഷൻ | ₹29,48,800.00 | 196 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹3,59,600.00 | 24 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2025 തീയതി 3pm ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ₹2,344ന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

### ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് ഇല്ല

1996- ലെ കേരള പഞ്ചായത്തി രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് ആക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിരവധി പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതിനാലാണ് ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികയായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**1-10 കരാറുകാരുടേയും, പ്രൊഫഷണലുകളുടേയും തൊഴിൽനികുതി ഈടാക്കിയില്ല**

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 2024-25 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 49 മരാമത്ത് പ്രവൃത്തികൾ കരാർ നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. കൂടാതെ, ആർക്കിടെക്റ്റ്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 24/19.08.2025) മറുപടി ലഭിച്ചില്ല. ആയതിനാൽ ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും, ആർക്കിടെക്റ്റ്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 തൊഴിൽനികുതി ഈടാക്കിയില്ല**

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. |
|---|---|---|
| 1, | എം എം ഫുഡ്സ്, ആവോലി | 7/24-25 |
| 2, | മെതിപ്പാറയിൽ സോമിൽ | 8/24-25 |
| 3, | പുളിങ്ങനാൽ ഫ്ലെയിംസ് | 9/24-25 |

| | | |
|---|---|---|
| 4, | ചാലക്കര ടിംബേഴ്സ് | 10/24-25 |
| 5, | എച്ച് & എ സോമിൽ | 11/24-25 |
| 6, | ശ്രീകൃഷ്ണ ഗ്യാസ് ഏജൻസീസ് | 35/24-25 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. (24/04.08.2025) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ ജോർജ് മാത്യു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 13/98/B നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിലാണ് നിർണ്ണയിച്ചത്. പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് ച. മീറ്ററിന് 10.5 രൂപക്ക് നിർണ്ണയിക്കുന്നതിന് പകരം 7.35 രൂപ നിരക്കിലാണ് നിർണ്ണയിച്ചത്. ഇപ്രകാരം ഉപയോഗക്രമം തെറ്റായി തെരഞ്ഞെടുത്തത് മൂലം നിർണ്ണയിച്ച വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്.

## 1-13 നിർമ്മല കോളേജ് - ക്രമവത്കരിക്കാനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കേണ്ടതാണ്.

ആവോലി ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിലെ മൂവാറ്റുപുഴ നിർമ്മല കോളേജ്, വിദ്യാഭ്യാസ ആവശ്യത്തിന് നിലവിലുള്ള കെട്ടിടത്തോടൊപ്പം പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനും, കൂടാതെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനുമായി 14.11.2024ൽ ഫയൽ നമ്പർ 07507040124002518265 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്, അപേക്ഷയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| നിലവിലെ കെട്ടിടത്തിന്റെ വിസ്തൃതി | ക്രമവത്ക്കരിക്കാനുള്ള കെട്ടിടത്തിന്റെ വിസ്തൃതി | പെർമിറ്റ് അവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിസ്തൃതി | ആകെ |
|---|---|---|---|
| 3955.00ച.മീ. | 633.63ച.മീ. | 1334.67 ച.മീ. | 5923.30 ച.മീ. |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235AA(1), 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട ഏതൊരു കെട്ടിടവും അവ നിർമ്മാണം പൂർത്തിയാക്കുന്ന തീയതി മുതലോ, അവ ഉപയോഗിക്കുന്ന തീയതി മുതലോ ഏതാണോ ആദ്യം അന്നു മുതൽ അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട നിരക്കിന്റെ മൂന്നിരട്ടി നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ, മേൽ സൂചിപ്പിച്ച കെട്ടിടം നിർമ്മാണം പൂർത്തിയാക്കി 14.11.2024ൽ ക്രമവത്കരണത്തിന് വേണ്ടി അപേക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചട്ടം പ്രകാരം നിയമാനുസൃതമല്ലാതെ

നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട മൂന്നിരട്ടി വസ്തുനികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 18/18.08.2025) ക്രമവത്കരിക്കാനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ക്രമവത്കരിക്കാനുള്ള കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ, പ്രസ്തുത കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ തീയതി പരിശോധിച്ച് അന്ന് മുതൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-14 IFTE&OS ലൈസൻസ് - ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് കാലികമാക്കേണ്ടതാണ്.**

1996- ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

**1-15 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.**

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്യുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 19.08.2025-ൽ നൽകിയ 21-ാം നമ്പർ അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്നും ആയത് വരും നാളുകളിൽ ഗ്രാമപഞ്ചായത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 എംസിഎഫിലേക്ക് ബെയ്ലിംഗ് മെഷിൻ വാങ്ങിയത് സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 231/25 (ന്യൂ) എംസിഎഫിലേക്ക് ബെയ്ലിംഗ് മെഷിൻ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ₹600000<br>തനത് ഫണ്ട്-₹180000/-<br>ശുചിത്വമിഷൻ ഫണ്ട്- ₹420000/- |
| ചെലവ് | ₹150000 തനത്ഫണ്ട് |
| ചെലവിന്റെ വിശദാംശങ്ങൾ | 654/24.03.2025 – ₹150000<br>(ബിൽ നമ്പർ - 463/ 24-03-2025) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ എംസിഎഫിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിക്കുന്നതിന് ബെയ്ലിംഗ് മെഷിൻ വാങ്ങി സ്ഥാപിക്കുന്നതിനും ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനും ത്രീ ഫേസ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനും ലക്ഷ്യമിട്ട് 70% ശുചിത്വമിഷൻ ഫണ്ടും 30% ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ട് കാർത്തിക എന്റർപ്രൈസസ് പറവൂർ എന്ന സ്ഥാപനത്തിൽ നിന്നും GeM-ലൂടെ ഇൻവോയ്സ് നമ്പർ 147/2024-25 / 19.03.2025 പ്രകാരം ഹൈഡ്രോളിക്ക് പ്ലാസ്റ്റിക്ക് ബെയ്ലിംഗ് മെഷിൻ 449999 രൂപയ്ക്കും, ഇൻവോയ്സ് നമ്പർ 148/2024-25/ 19.03.2025 പ്രകാരം ഹൈഡ്രോളിക്ക് ഓയിൽ 200 ലിറ്റർ 50000 രൂപയ്ക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. വാങ്ങിയ ബെയ്ലിംഗ് മെഷിൻ സ്റ്റോക്കിലെടുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ചെലവിന് 70% ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ ശുചിത്വമിഷൻ ഫണ്ട് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ, നിലവിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1/13.8.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ബെയ്ലിംഗ് മെഷിൻ വാങ്ങിയിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ വർക്കുകൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സ്ഥാപിച്ചിട്ടില്ലെന്നും 2025-26 ൽ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ശുചിത്വമിഷൻ ഫണ്ടിലൂടെ പദ്ധതി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. ബെയ്ലിംഗ് മെഷിന്റെ വാറണ്ടി കാലയളവ് 2 വർഷം മാത്രമാണ്. ആയത് സ്ഥാപിക്കാത്തതിനാൽ അതിന്റെ വാറന്റി കാലയളവിലും നഷ്ടമുള്ളത് ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്.

ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കുവാനുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും, പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-17 ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം -നാഷണൽ ആയുഷ് മിഷനിൽ നിന്നും വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | 165/25 ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം നാഷണൽ ആയുഷ് മിഷന് തുക കൈമാറൽ |
| അടങ്കൽ | ₹2000000 (തനത് ഫണ്ട്) |
| ചെലവ് | ₹2000000 (തനത് ഫണ്ട്) |
| ബിൽ നമ്പർ | 475/ 25-03- 2025- ₹2000000 |
| അനുമതി ഉത്തരവ് നമ്പർ | 663/25.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹോമിയോ ഹോസ്പിറ്റൽ പുനർ നിർമ്മാണത്തിന് തനത് ഫണ്ടിൽ നിന്നും 2000000/- രൂപ നാഷണൽ ആയുഷ് മിഷൻ ഡയറക്ടറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 7990114000078 ലേക്ക് മുൻകൂറായി കൈമാറിയിട്ടുണ്ട്. നാഷണൽ ആയുഷ് മിഷനുമായി 25.03.2025ൽ കരാർ/MoU ഒപ്പുവച്ചിട്ടുണ്ട്. പഞ്ചായത്ത് കൈമാറിയ പദ്ധതി തുക പ്രവൃത്തിയുടെ ആദ്യ ഘട്ടത്തിന് ഉപയോഗിക്കുന്നതാണെന്നും, ആയതിന്റെ പുരോഗതി റിപ്പോർട്ട് നാഷണൽ ആയുഷ് മിഷൻ മോണിറ്ററിംഗിനായി പഞ്ചായത്തിന് അയച്ചുകൊടുക്കേണ്ടതാണെന്നും കരാർ/MoU-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ പുനർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 3/13.08.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഹോമിയോ ഹോസ്പിറ്റൽ പുനർ നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 2000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ആവോലി ഫെസ്റ്റ് - അനുമതി ലഭിക്കുന്നതിനുമുൻപേ നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം. | 19/25 ആവോലി ഫെസ്റ്റ് |
| അടങ്കൽ | ₹500000<br>(₹300000 തനത് ഫണ്ട് + ₹200000 മറ്റുള്ളവ (സംഭാവന)) |
| ചെലവ് | ₹100000 (തനത് ഫണ്ട്) |
| ബിൽ നമ്പർ | 480/ 28-03-2025 - ₹ 100000 |
| സാങ്ഷൻ ഓർഡർ നമ്പർ | 663/25.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

4/09.07.2024 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ ഫെസ്റ്റ് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാരിൽ നിന്നും മുൻകൂട്ടി ചെലവ് അനുമതി വാങ്ങാതെയാണ് ജനുവരി 3, 4, 5 തീയതികളിൽ ഫെസ്റ്റ് നടത്തിയിട്ടുള്ളത്.

2) മുൻ വർഷത്തെ ഫെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട്, തൻവർഷം ഫെസ്റ്റിനായി തുക ചെലവഴിക്കാനുള്ള അനുമതി, തൻ വർഷത്തെ തനത് ഫണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ ബഹു. ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അയച്ച് ഫെസ്റ്റ് നടത്താൻ അനുവാദം തേടിയിട്ടുണ്ടെങ്കിലും ഫെസ്റ്റ് നടത്താനുദ്ദേശിക്കുന്ന തീയതി വ്യക്തമാക്കിയിരുന്നില്ല. ജില്ലാ ജോയിന്റ് ഡയറക്ടറുടെ അനുവാദം, സർക്കാർ അനുവാദം എന്നിവ ലഭിക്കുന്നതിനു മുൻപ് ഫെസ്റ്റ് നടത്തിയത് ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3) ഫെസ്റ്റ് നടത്താൻ പോകുന്ന ദിവസമായ 03.01.2025 തീയതിയിലാണ് ജില്ലാ ജോയിന്റ് ഡയറക്ടറെ പ്രസ്തുത വിവരം അറിയിച്ചിട്ടുള്ളത്.

4) മുൻ വർഷം ഫെസ്റ്റ് നടത്തിയപ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളായി ബഹു.ജില്ലാ ജോയിന്റ് ഡയറക്ടർ പുറപ്പെടുവിച്ച (സ.ഉ.(സാധാ)173/2024/LSGD തീയതി. 22.01.2024), സ.ഉ.(സാധാ)73/2025/LSGD/ 08.01.2025) സർക്കാർ ഉത്തരവുകളിൽ പോലീസ്, ഫയർ ഫോഴ്സ്സ് എന്നീ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങാൻ പ്രത്യേകം നിർദ്ദേശിച്ചിരുന്നുവെങ്കിവും ആയത് പാലിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനും, ഫെസ്റ്റിന് പിരിച്ചെടുത്ത സംഭാവനയുടെ രസീതികൾ, സംഭാവനകുറ്റികൾ എന്നിവ പരിശോധനക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ 7/14.08.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 09.07.2024 തീയതിയിലെ കമ്മിറ്റി തീരുമാനം പ്രകാരമാണ് ഫെസ്റ്റ് നടത്തിപ്പിന് വേണ്ടി ജോയിന്റ് ഡയറക്ടർക്ക് സെക്രട്ടറി കത്ത് നൽകിയതെന്നും ടി സമയത്ത് ഫെസ്റ്റ് നടത്തിപ്പിന്റെ തീയതി നിശ്ചയിച്ചിരുന്നില്ലെന്നും, പിന്നീട് പ്രസിഡന്റ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകിയപ്പോൾ ടി ഓഫീസിൽ നിന്നും ഒരു ലക്ഷം രൂപയ്ക്ക് ചെലവ് അനുമതി നൽകാമെന്ന് പ്രസിഡന്റിനെ വാക്കാൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 28.12.2024 ൽ കൂടിയ കമ്മിറ്റിയാണ് ജനവരി 3, 4, 5 തീയതികളിലായി ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചത് എന്നും പൊതു ജനങ്ങളിൽ നിന്ന് സംഭാവനയൊന്നും സ്വീകരിക്കാതെയാണ് ഫെസ്റ്റ് നടത്തിയതെന്നും അറിയിച്ചു.
സർക്കാരിന്റെ അനുമതി വാങ്ങാതെ ഫെസ്റ്റ് നടത്തിയതിനാൽ പഞ്ചായത്തിന്റെ ഔദ്യോഗിക പരിപാടി ആയിട്ടല്ല ഫെസ്റ്റ് നടത്തിയതെന്നും, പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയ സംഘാടക സമിതിയാണ് ഫെസ്റ്റ് കുറഞ്ഞ ചെലവിൽ നടത്തിയതെന്നും, ജോയിന്റ് ഡയറക്ടറുടെ 22.03.25-ലെ LSGD/JD/EKM/10455/2023-B നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചതിനു ശേഷം 27.03.2025 തീയതിയിലെ കമ്മിറ്റി തീരുമാനത്തിനു വിധേയമായി സ്റ്റേജ്, സൗണ്ട് സിസ്റ്റം എന്നിവയ്ക്ക് ചെലവായ 100000 രൂപ മാത്രം അനുവദിച്ചതെന്നും, തറവാടക, രശീതിപ്പിരിവ് എന്നിനങ്ങളിൽ പഞ്ചായത്തിന് വരവൊന്നുമില്ലെന്നും മറുപടിയിൽ വ്യത്മാകി.

ഫെസ്റ്റ് നടത്തുമ്പോൾ സർക്കാരിൽ നിന്നും സമയബന്ധിതമായി മുൻകൂട്ടി ചെലവ് അനുമതി വാങ്ങേണ്ടതും, ഫെസ്റ്റിൽ പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുകയും, ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ട സന്ദർഭങ്ങളിൽ നടപടികൾ പൂർത്തിയാക്കിയെന്നും ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-19 ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസ് തുക സൂക്ഷിച്ചിട്ടില്ല

ആവോലി ഫെസ്റ്റ് നടത്തിയതിന്റെ വരവ് ചെലവുകൾ രേഖപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന്റെ പേരിൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ 03.02.2024(2023-24) ൽ മിനിമം ബാലൻസ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (Ac. No.

0845073000000032). 2023-24 ൽ ആവോലി ഫെസ്റ്റിന്റെ ചെലവ് നടത്തിയതിനു ശേഷം 29.02.2024 തീയതിയിൽ ആകെ 5000/- രൂപ ബാലൻസായി അവശേഷിക്കുന്നുണ്ടായിരുന്നു. എന്നാൽ 30.03.2024-ൽ എസ് എം എസ് ചാർജ്ജ്, ഫോലിയോ ചാർജ്ജ് എന്നീ തുകകൾ പിടിച്ചതിനുശേഷം ബാലൻസ് 4935/- രൂപയായി കുറഞ്ഞു. ബാങ്ക് അക്കൗണ്ടിൽ മിനിമം ബാലൻസായി സൂക്ഷിക്കേണ്ട 5000/- രൂപയിൽ കുറവ് വന്നതിനാൽ( 01.04.2024 മുതൽ 31.12.2024 വരെ ഓരോ മാസവും 295/- രൂപ വീതം മിനിമം അക്കൗണ്ട് സൂക്ഷിച്ചിട്ടില്ലാത്തതിന്റെ ചാർജ്ജായി ((295 X 9) 2655/- രൂപയും, 01.01.2025 മുതൽ 31.03.2025 വരെ മാസം 413/- രൂപ വീതം (413 X 3) 1239/- രൂപയും) ആകെ 3894/- രൂപ ബാങ്ക് ചാർജ്ജായി ഈടാക്കിയിട്ടുള്ളത് പാസ് ബുക്ക് പരിശോധിച്ചതിൽ വ്യക്തമായി. 2024-25 സാമ്പത്തിക വർഷത്തിൽ ആവോലി ഫെസ്റ്റ് നടത്തിയതിൽ വരവുകളില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17/18.08.2025 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് നിലനിർത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും, ഉപയോഗിക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് നഷ്ടം സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0077/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, ആവോലി |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 1,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ റഫറൻസ് നം.( റ്റി ആർ എൻ) / തീയതി | 241202000000018912 /24.03.2025 |
| യു.റ്റി.ആർ. നം. /തീയതി | RBI0842517444505 /25.03.2025 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി എന്ന സ്ഥാപനത്തിന് 25.03.2025 ന് 1,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റ വിവരം ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകളിൽ ഇല്ല. തൻ വർഷം അടവാക്കിയ തുകയ്ക്ക് ആനുപാതികമായ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതിനും മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും, മരുന്ന് യഥാസമയം ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന്

തടസ്സമായിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.08.2025 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കി. ചെലവു തുകയ്ക്ക് ആനുപാതികമായ മരുന്ന് ലഭ്യമാക്കിയതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചു. മരുന്ന് ലഭ്യമാകുന്നതുവരെ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ആയുർവ്വേദം - മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0021/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി , കാവന |
| അടങ്കൽ | ₹3,00,000/- ( മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹3,00,000/- ( മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ റഫറൻസ് നം.( റ്റി ആർ എൻ) / തീയതി | 241202000000012764 /17.12.2024 |
| യു.റ്റി.ആർ. നം. /തീയതി | RBI3532499278016 /17.12.2024 |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ മേൽ പട്ടികയിൽ വിവരിച്ച ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം ഔഷധിയ്ക്ക് 17.12.2024 ന് 3,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹2,89,795 തുകയുടെ മരുന്നുകൾ മാത്രമാണ് ഡിസ്പെൻസറിയിൽ ലഭ്യമായിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻകൂർ നൽകിയ തുക | ₹3,00,000.00 |
| ലഭ്യമായ മരുന്നിന്റെ വിവരം | |
| ഇൻവോയ്സ് നം.90366804/26.12.2024 | ₹1,92,852.00 |
| ഇൻവോയ്സ് നം.90371424/29.01.2025 | ₹85,652.00 |
| ഇൻവോയ്സ് നം.90380504/29.03.2025 | ₹11,291.00 |
| ആകെ ലഭ്യമായ മരുന്നിന്റെ മൂല്യം | ₹2,89,795.00 |
| ഇനിയും ലഭ്യമാകുവാനുള്ള മരുന്നിന്റെ മൂല്യം | ₹10,205.00 |

ബാക്കി തുകയ്ക്ക് ആനുപാതികമായ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ താൽപര്യപ്പെടുന്നു. കൂടാതെ മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും, മരുന്ന് യഥാസമയം ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സമായിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 18.08.2025 ൽ നൽകിയ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുകയ്ക്ക് ആനുപാതികമായ മരുന്ന് ലഭ്യമാക്കി രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ₹10,205/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 വനിതാ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - മാർഗ്ഗരേഖയിലെ നിർദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | S0147/25 |
| പ്രോജക്ടിന്റെ പേര് | വനിതാ സ്വയംതൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് സബ്സിഡി |
| അടങ്കൽ, ഫണ്ട് | ₹3,00,000/-<br>(വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ₹3,00,000/- |
| ബിൽ നം./തിയതി | RBI1382476474863/16.05.2024 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ചുവടെ ചേർക്കുന്ന 3 വനിതാ സ്വയംതൊഴിൽ സംരംഭക ഗ്രൂപ്പുകൾക്ക് ₹1,00,000 വീതം ആകെ₹3,00,000 സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നം. | സ്വയംതൊഴിൽ സംരംഭക ഗ്രൂപ്പിന്റെ പേര് | ആകെ മൂലധനം | സബ്സിഡി |
|---|---|---|---|
| 1, | പോപ്പിൻ ഫുഡ്സ് യൂണിറ്റ്, ആവോലി | ₹3,23,319 | ₹1,00,000 |
| 2, | ഫെയർ ഫുഡ്സ്, ആവോലി | ₹2,50,000 | ₹1,00,000 |
| 3, | ശ്രേയസ് തയ്യൽ യൂണിറ്റ് | ₹2,50,000 | ₹1,00,000 |

സ. ഉ. (കൈ.) നം. 115/2022/എൽഎസ്ജിഡി തീയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5.2 പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങളുടെ മൂലധനം വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. എന്നാൽ, മേൽ സൂചിപ്പിച്ച പ്രോജക്ടിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ അനുവദിച്ചപ്പോൾ 3 വനിതാ സ്വയംതൊഴിൽ സംരംഭക യൂണിറ്റിന്റെയും വായ്പയുടെ പലിശ മുൻകൂറായി ബാങ്കിന് ആകെ ₹3,00,000/- നൽകുകയാണ് ചെയ്തത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 6/14.08.2025) പദ്ധതി പ്രകാരമുള്ള സബ്സിഡി തുകയുടെ ശരിയായ വിനിയോഗവും, സംരംഭങ്ങളുടെ തുടർനടത്തിപ്പും ഉറപ്പാക്കുന്നതിനാണ് ബാങ്ക് വായ്പയിൽമേൽ ബാക്ക് എൻഡഡ് സബ്സിഡിയായി തുക അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, സബ്സിഡി മാർഗ്ഗരേഖയിൽ നിർദേശിക്കുന്നത് പ്രകാരമല്ലാതെ പ്രൊജക്ട് നടപ്പാക്കിയതിനാൽ ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയുടെ പൂർണ്ണമായ പ്രയോജനം ലഭിച്ചില്ല. ആയതിനാൽ, തുടർവർഷങ്ങളിൽ പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്വപ്നഭൂമി - ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആവോലി ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ ചെങ്ങറ കോളനി/ സ്വപ്ന ഭൂമിയിൽ സീറോ ലാൻഡ് ലെസ്സ് പദ്ധതി പ്രകാരം 3 സെന്റ് വീതം അനുവദിച്ച 345 പ്ലോട്ടുകളും ചെങ്ങറ ഭൂസമരക്കാർക്ക് 50 സെന്റ് വീതം അനുവദിച്ച 30 പ്ലോട്ടുകളും ഉണ്ട്. ഇതിൽ കുറെയേറെപ്പേർ ഭൂമി ഏറ്റെടുത്തിട്ടില്ല. ലൈഫ് മിഷൻ ധനസഹായത്തോടെ പണിത വീടുകളിൽ പലതിലും താമസക്കാർ പോലും ഇല്ല . ഇതിൽ പല ഗുണഭോക്താക്കൾക്കും സ്വപ്നഭൂമിക്ക് പുറത്ത് ഭൂമിയും വീടും ഉള്ളതായും അറിയുന്നു. ഇങ്ങനെ നിരവധി പ്ലോട്ടുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം നിലനിൽക്കെ പഞ്ചായത്തിൽ ലൈഫ് 20-20 പദ്ധതി പ്രകാരം 350 കുടുംബങ്ങൾ ഗുണഭോക്താക്കളായുണ്ട്. ആയതിനാൽ ഒരു സർവ്വേ നടത്തി ആവശ്യമില്ലാതെയും ഏറ്റെടുക്കാതെയും കിടക്കുന്ന ഭൂമി ആവോലി ഗ്രാമപഞ്ചായത്തിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് കൊടുക്കുന്നതിന് ബഹു. കേരള സർക്കാരിനോടും ലൈഫ് മിഷൻ അധികൃതരോടും റവന്യൂ അധികൃതരോടും അഭ്യർത്ഥിക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/04/2024ലെ 4(9) -ാം നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനും, കൂടാതെ, ലഭിച്ച പ്ലോട്ടുകൾ ഗുണഭോക്താക്കൾ ഏറ്റെടുക്കാത്തതിനും, ലൈഫ് മിഷൻ ധനസഹായത്തോടെ പണിത വീടുകളിൽ നിന്നും താമസക്കാർ ഒഴിഞ്ഞുപോകുന്നതിനുമുള്ള കാരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/12.08.2025) ഭവനനിർമ്മാണത്തിനായി ഭൂമി ആവശ്യമുള്ള ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് പരസ്യ പ്രചാരണം നടത്തിയിരുന്നു എന്നും, ആയതിന് നാൽപ്പതോളം കുടുംബങ്ങൾ ഭൂമി ആവശ്യപ്പെട്ടിരുന്നു എന്നും 19.08.25ൽ നടത്തിയ എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭ്യമാക്കി. വഴിസൗകര്യമില്ലാത്തതിനാലാണ് പ്ലോട്ടുകൾ ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ വിസമ്മതിക്കുന്നതെന്നും, 2024-25 വർഷത്തിൽ സ്വപ്നഭൂമിയിലേക്ക് വഴി നിർമ്മിക്കുന്നതിന് പ്രോജക്ട് നടപ്പാക്കി എന്നും അറിയിച്ചു. ആയതിനാൽ, വിശദമായ സർവേ നടത്തി സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായി ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകകൾ ജൽജീവൻ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേടുപാടുകൾ സംഭവിച്ച റോഡുകൾ കൂടി പുനരുദ്ധരിക്കുന്നതിനുള്ള ചെലവ് തുകയായി 214247/-രൂപ ഉൾപ്പെടുത്തുന്നതിന് 23.09.2024-ലെ12(1)നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ജൽജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ചുമതല ജൽ ജീവൻ മിഷന് തന്നെ ആണെന്നിരിക്കെ, ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഏതെല്ലാം റോഡുകളിൽ പുനരുദ്ധാരണപ്രവൃത്തി നടത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണെന്നും, ഇപ്രകാരമുള്ള പ്രൊജക്ടുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയത് പ്രസ്തുത സ്ഥാപനത്തിൽ നിന്നും റീകൂപ്പ് ചെയ്ത് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/16.08.2025) ലഭ്യമാക്കിയ മറുപടിയിൽ ഇതോടൊപ്പം ചേർക്കുന്ന റോഡുകളിൽ പുനരുദ്ധാരണജോലികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്(കമ്പനിപ്പറമ്പ് റോഡ് കൊളത്താപ്പള്ളി റോഡ് നവീകരണം, കൊല്ലംകുടി റോഡ് റീകോൺക്രീറ്റിംഗ് (239/2025)-₹11077, ആനിക്കാട് ഹൈസ്ക്കൂൾ റോഡ് കടുക്കച്ചിറ റോഡ് റീടാറിംഗ് അവസാന ഭാഗം (239/2025)-₹28629, ആനിക്കാട് കടുക്കച്ചിറ റോഡ് റീടാറിംഗ് (77/24)-₹74841).

പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകകൾ ജൽജീവൻ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല എന്ന വിവരവും പഞ്ചായത്തിൽ നിന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച തുക പഞ്ചായത്തിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, തുക ലഭ്യമാകുന്ന മുറക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-25 പ്രവൃത്തി താമസിച്ച് പൂർത്തീകരിച്ചതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ, ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തീകരണം (198/25) എന്ന പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തിക്കായി കരാറുകാരനായ ശ്രീ. ബിനോയ് കുര്യന് സൈറ്റ് കൈമാറിക്കിട്ടിയത് (പ്രവൃത്തി ആരംഭിച്ചിരിക്കുന്നത്) 28.02.2023നാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരിക്കെ (ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം) 21.10.2024-നാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. (തൻവർഷ ചെലവ്-199/22.11.2024-360649 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്ഫണ്ട്), 24120252014201672385/ 24.03.2025-310000 (കേന്ദ്രാവിഷ്കൃതഫണ്ട്)). എന്നാൽ പ്രവൃത്തി താമസിച്ച് പൂർത്തീകരിച്ചതിനുള്ള പിഴ ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/19.08.2025) ലഭ്യമാക്കിയ മറുപടിയിൽ, പൈലിംഗ് ഉൾപ്പെടെയുള്ള ഫൗണ്ടേഷൻ പ്രവൃത്തികൾ പ്രതികൂല സാഹചര്യം മൂലം പൂർത്തീകരിക്കുവാൻ സാധിച്ചില്ല എന്നും പ്രവൃത്തിയുടെ പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളതെന്നും, ഫൈനൽ ബിൽ തുക നൽകുന്ന സമയത്ത് നിയമപരമായ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക നിലനിൽക്കുന്നു.

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2024 ഏപ്രിൽ മാസം മുതൽ 2025 മാർച്ച് മാസം വരെ 15 ടാപ്പുകൾക്ക് പ്രതിമാസം 18199 /-രൂപ നിരക്കിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട് (ഫൈൻ, കുടിശ്ശിക

ഉൾപ്പെടാതെ). വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശിക ഇനത്തിൽ വൻതുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നമ്പർ 93987/07.03.2025 പ്രകാരം 28.02.2025 ൽ അടവാക്കേണ്ട പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 4216373/-രൂപയും ഫൈൻ 82712/-രൂപയും അടക്കം ആകെ 4299085/- രൂപയാണ്. കുടിശ്ശിക യഥാസമയം അടവാക്കാത്തതിനാൽ പ്രതിമാസം 1940/- രൂപക്ക് മുകളിൽ ഫൈൻ ഓരോ മാസവും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് (2/13.08.2025 ) നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉപയോഗയോഗ്യമല്ലാത്ത ടാപ്പുകളെ കണ്ടെത്തുവാൻ വേണ്ടി സംയുക്ത പരിശോധന നടത്തുവാൻ 02.06.2022 ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെന്നും, തുടർന്ന് പലതവണ ആവശ്യപ്പെട്ടുവെങ്കിലും വാട്ടർ അതോറിറ്റി സഹകരിക്കാത്ത സാഹചര്യത്തിൽ 03-12-2022 ൽ 6(11) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയ്ക്ക് തയ്യാറായി. ഉപയോഗ യോഗ്യമല്ലാത്ത ടാപ്പുകളെ കണ്ടെത്തി ബില്ലിൽ വരവ് വെച്ചു തരുന്നതുവരെ നവംമ്പർ 2022 മുതൽ വെള്ളക്കരം ഒടുക്കേണ്ടതില്ല" എന്ന് തീരുമാനിക്കുകയും ആയത് 23.12.2022 തീയതിയിൽ വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തു. പിന്നീട് നടത്തിയ സംയുക്ത പരിശോധനയിൽ ബിൽ നൽകുന്ന 238 ടാപ്പുകളിൽ ഭൂരിഭാഗം ടാപ്പുകളും കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമാണുണ്ടായത്. പഞ്ചായത്തിന്റെ നിരന്തര ഇടപെടൽ മൂലം ടാപ്പ് കട്ട് ചെയ്യുവാനുള്ള എസ്റ്റിമേറ്റ് ജൂൺ 2023 ൽ നൽകിയിരുന്നെങ്കിലും വാട്ടർഅതോറിറ്റി തുടർ നടപടികൾ സ്വീകരിക്കാതെ മാസംതോറും വീണ്ടും 238 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തിരുന്നത്. പിന്നീട് ഫെബ്രുവരി 2024 ലാണ് ടാപ്പുകൾ കട്ട് ചെയ്ത് നിലവിലുള്ള 15 എണ്ണത്തിൽ എത്തിയത്. അപ്പോഴേക്കും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്ന സാഹചര്യമുണ്ടായി. കുടിശ്ശിക തുക ഒറ്റത്തവണ അടവാക്കുകയാണെങ്കിൽ 31.07.2024 തീയതി വരെ 3066774/- രൂപയാക്കി നൽകാമെന്ന് അറിയിച്ചു. പഞ്ചായത്തിന്റെ നിലവിലെ സാഹചര്യത്തിൽ ഇത്രയും വലിയ തുക ഒറ്റതവണയായി അടാവാക്കുവാൻ സാധിക്കുകയില്ല. പഞ്ചായത്ത് ഈ കാലയളവിൽ കുടിശ്ശികയിൽ നൽകിയ പലിശ, പിഴപലിശ എന്നിവ ഒഴിവാക്കി ബാക്കി തുക തുല്യ തവണകളായി അടയ്ക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന് അറിയിച്ചു.

വെള്ളക്കരം കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-27 ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന പുരോഗതി**

ജലജീവൻ മിഷൻ പദ്ധതിയ്ക്കായി ആവോലി ഗ്രാമപഞ്ചായത്ത് നാളിതുവരെ തുക വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടില്ല. സഉ(സാധാ)നം.4584/20/ധനം തീയതി 10/08/2020 പ്രകാരം പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാത്ത പഞ്ചായത്തുകൾക്ക് എംഎൽഎമാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഈ രീതിയിൽ പദ്ധതി നടപ്പാക്കാൻ സാധ്യത പരിശോധിക്കാവുന്നതാണ്.

**1-28 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും**

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് **ആവോലി** ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

## 1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററേഴ്സ് | | | | |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | | *1,79,655* *+Int: 3,133* ***1,82,788*** | *7,96,220* *+Int: 11,803* ***8,08,023*** | *3,32,000* *+Int: 5,187* ***3,37,187*** |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | *55,000* *+Int: 949* ***55,949*** | *3,41,360* *+Int: 5,324* ***3,46,684*** | *5,43,000* *+Int: 359* ***5,43,359*** |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

## 2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററേഴ്സ് | - | | | |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | - | *1,59,108* | *5,85,529* | *2,89,278* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *55,000* | *3,41,000* | *0* |

## **ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം**

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.
(ബി) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് | | | |
|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 |
| പി.എച്ച്.സി.യിലും സബ് സെന്ററുകളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | ₹*1,59,108* | **-** | - |
| ആനിക്കാട് എഫ്.എച്ച്.സി.യിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | - | ₹*5,85,529* | ₹*2,89,278* |

| | | | | |
|---|---|---|---|---|
| **ആകെ** | - | *₹1,59,108* | *₹5,85,529* | *₹2,89,278* |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | - | *₹55,000* | *₹3,41,000* | *0* |
| **ആകെ** | | *₹55,000* | *₹3,41,000* | *0* |

## 3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് **ആവോലി** ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

## 4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററേഴ്സ് | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) Canara Bank A/C No.110044371725 |
|---|---|---|
| മുന്നിരിപ്പ് | 2,46,174 | ₹5,684 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,37,187 | ₹5,43,359 |
| ആകെ | ₹5,83,361 | ₹5,49,043 |
| ചെലവ് | ₹2,89,278 | 0 |
| നീക്കിയിരിപ്പ് | ₹2,94,083 | ₹5,49,043 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ ജോർജ് മാത്യു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 13/98/B നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിലാണ് നിർണ്ണയിച്ചത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തൃതി (ച.മീ.) | നിർണ്ണയിച്ച ഉപയോഗക്രമം, നികുതി നിരക്ക്, അടിസ്ഥാന വസ്തുനികുതി (ഫോറം 6 പ്രകാരം) | അടിസ്ഥാന നികുതി ഈടാക്കിയത് ₹ | നിർണ്ണയിക്കേണ്ട ഉപയോഗക്രമം, നികുതി നിരക്ക്, അടിസ്ഥാന വസ്തു നികുതി ₹ | അടിസ്ഥാന നികുതി ഈടാക്കേണ്ടത് ₹ | നികുതി ഡിമാന്റ് ചെയ്ത വർഷം | വാർഷിക അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|---|
| 312.39 | പാർപ്പിടാവശ്യം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ 7.35/- 2296 | 2412/- (115 ലൈബ്രറി സെസ്സ് ഉൾപ്പടെ) | പാർപ്പിടാവശ്യം സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.മുകളിൽ - വീടുകൾ 10.5/- 3280 | 3444/- (164 ലൈബ്രറി സെസ്സ് ഉൾപ്പടെ) | 2024/– രണ്ടാം അർദ്ധ വർഷം | 1032/- (51 ലൈബ്രറി സെസ്സ് ഉൾപ്പടെ) |

മേൽ വിശദീകരിച്ച പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി തെരഞ്ഞെടുത്തത് മൂലം നിർണ്ണയിച്ച വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/19.08.2025) നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2024-25 രണ്ടാം അർദ്ധവർഷത്തിൽ കുറവ് വന്ന ₹516/- (₹1032/2 ലൈബ്രറി സെസ്സ് ഉൾപ്പടെ)) ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | ₹84,500* | ₹78,000 | ₹6,500 | ₹6,500 04/2025 ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. |

* 15 ജീവനക്കാർ X ₹500 X 3 മാസം = ₹22,500

14 ജീവനക്കാർ X ₹500 X 7മാസം = ₹49,000
13 ജീവനക്കാർ X ₹500 X 2മാസം = ₹13,000

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | കുടിശിക ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| | |

2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹1,30,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0159/25) | ₹1,30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹15,000 | പ്ലാന്റ് ഹെൽത്ത് പ്രോഗ്രാം (S0031) | ₹15,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹4,16,250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0027/25) | ₹4,16,250 | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹30,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (S0064/25) | ₹30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹19,452 | സമഗ്ര നെൽക്കൃഷി (S0022/25) | ₹19,452 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹2,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S0134/25) | ₹2,50,000 | 0 |
| **ആകെ** | | ₹8,60,702 | | ₹8,60,702 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹2,80,000 | ലൈഫ് 2020 ഭവനപദ്ധതി (എസ് സി പി )(S146/25) | ₹2,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹2,00,000 | ലൈഫ് സ്ഥലം വാങ്ങൽ (പട്ടികവർഗ്ഗം) (S0277/25) | ₹2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,38,750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0027/25) | ₹1,38,750 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,50,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് | ₹1,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | മെറിട്ടോറിയസ് സ്കോളർഷിപ്പ് (S0064/25) | | |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹11,700 | തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കൽ (S024/25) | ₹11,700 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,36,167 | സമഗ്ര നെൽക്കൃഷി (S0024/25) | ₹1,36,167 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹1,20,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S0134/25) | ₹1,20,000 | 0 |
| | 2024-25 | ₹45,000 | ടിഷ്യൂകൾച്ചർ വാഴക്കന്ന് വിതരണം (S0032/25) | ₹45,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹5,00,000 | വനിത ക്ഷേമകേന്ദ്രം നിർമ്മാണം (S0254) | ₹5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹15,000 | പ്ലാന്റ് ഹെൽത്ത് പ്രോഗ്രാം (S0031) | ₹15,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹8,00,000 | പച്ചിനാൽത്താഴം പ്രവിടാക്കുന്ന് റോഡ് ലിങ്ക് നടപ്പാത കോൺക്രീറ്റിംഗ് (S0091/25) | ₹8,00,000 | 0 |
| **ആകെ** | | ₹23,96,617 | | ₹23,96,617 | 0 |

## 4-4 <u>നിക്ഷേപ പ്രവൃത്തികളുടെ വിവരം</u>

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

<u>നാഷണൽ ആയുഷ് മിഷൻ</u>

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഹോമിയോ ഹോസ്പിറ്റൽ നിർമ്മാണം നാഷണൽ ആയുഷ് മിഷന് തുക കൈമാറൽ (165/25) | 475/ 25-03-2025 | ₹20,00,000 | 0 | ₹20,00,000 |

**4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക (₹) | തുക അടവാക്കിയ വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് | രസീത് നമ്പർ | തീയതി |
|---|---|---|---|---|---|
| 2021-22 | 1-12 | 600 | വി പി ജെയിംസ്, മെതിപ്പാറ | 1240100903 | 21.06.2024 |
| 2021-22 | 3-1 | 6,191 | ശ്രീജിത്ത്, വേണാൽ | 1240101096 | 10.07.2024 |
| 2022-23 | 1-13(1) | 5,338 | ജോർജ് ജോൺ | 1240101662 | 20.09.2024 |
| 2022-23 | 1-15 | 4,400 | എച്ച് & എ സോമിൽ | 1240102660 | 20.01.2025 |
| 2022-23 | 1-15 | 4,400 | ചാലക്കര ടിംബേഴ്സ് & വുഡ് ഇൻഡസ്ട്രീസ് | 124010266 | 20.01.2025 |
| 2022-23 | 1-17 | 2,700 | സുര ഇൻഡസ്ട്രീസ് | 1240102999 | 06.02.2025 |
| 2022-232 | 1-17 | 2,700 | സുര ഇൻഡസ്ട്രീസ് | 1240103000 | 06.02.2025 |
| 2022-23 | 1-15 | 900 | ഡോ. രമാദേവി ടി എൻ | 1240103161 | 12.02.2025 |
| 2022-23 | 1-15 | 900 | ഡോ. രമാദേവി ടി എൻ | 1240103162 | 12.02.2025 |
| 2023-24 | 1-19 | 11,195 | ജലീൽ ബഷീർ | 1240101289 | 06.08.2024 |
| | ആകെ | 39,324 | | | |

## 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക + തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (കെയുആർ ഡിഎഫ്സി) | ജി.ഒ. (ആർറ്റി) 6105/2019/ ധനം / 1.08.2019 | ₹2,20,000 | ₹24725570 | ₹31,56,491 | 0 | ₹2,17,89,079 |
| ലൈഫ് ഭവനപദ്ധതി (ഹഡ്കോ) | | ₹14,29,840 | ₹6940000 | 0 | 0 | ₹83,69,840 |

**ഉത്ഭവത്തിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം**

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | തുക(₹) |
|---|---|---|
| S0290/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) രണ്ടാം ഗഡു | 13,80,876 |
| S0292/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (ജനറൽ) മൂന്നാം ഗഡു | 13,87,672 |
| S291/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) | 1,90,693 |
| S293/24 | ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് (എസ്.സി.പി) രണ്ടാം ഗഡു | 1,97,250 |
| | **ആകെ** | ₹31,56,491 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹4,75,37,514.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹4,91,30,564.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹516 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **₹21,10,205** |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹516 | - | ഹസീന പി.മൈതീൻ, സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | **₹20,00,000** | ഹസീന പി.മൈതീൻ, സെക്രട്ടറി |
| 1-20 | **₹1,00,000** | ഡോ.ഷിനോജ് തോമസ്, മെഡിക്കൽ ഓഫീസർ(ഹോമിയോ.) |
| 1-21 | ₹10,205 | ഡോ.ജോർലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ(ആയുർവേദം.) |
| **ആകെ** | **₹21,10,205** | |

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**
ഇല്ല

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**
ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹസീന പി.മൈതീൻ, സെക്രട്ടറി | സെക്രട്ടറി, ആവോലി ഗ്രാമപഞ്ചായത്ത് | മലമുകളിൽ, പുതുപ്പാടി പി. ഒ., കോതമംഗലം -686673 |
| ഡോ.ഷിനോജ് തോമസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ.) | മെഡിക്കൽ ഓഫീസർ (ഹോമിയോ.) ആവോലി ഗ്രാമപഞ്ചായത്ത് | ഇലവുങ്കൽ, കദളിക്കാട്, എറണാകുളം ജില്ല |
| ഡോ. ജോർലിൻ ജോസഫ്, മെഡിക്കൽ ഓഫീസർ (ആയുർവേദം.) | മെഡിക്കൽ ഓഫീസർ (ആയുർവേദം.) ആവോലി ഗ്രാമപഞ്ചായത്ത് | കാരച്ചാലിൽ, മുടവൂർ പി. ഒ., മുവാറ്റുപുഴ |

## 4-11 തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/86/24-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 |
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.07.19 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.07.19 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.07.19 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ.എം)(പി.8) 1905/16/ 28-11-2016 |
| 2016-17 | കെ എസ് എ-(ഇ.കെ.എം)(പി.8) 2181/17/ 29-11-2017 |
| 2017-18 | കെ എസ് എ -ഇ.കെ.എം(പി.8) 1170/19/ 02.08.2019 |
| 2018-19 | കെ എസ് എ -ഇ.കെ.എം(പി.8) 123/19/ 14.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8) 984/2021 തീയതി. 27.08.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8) 985/2021 തീയതി. 27.08.2021 |

| | |
|---|---|
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി8) 330/2023 തീയതി. 17.04,2023 |
| 2022-23 | കെ.എസ്.എ.-ഇ.കെ.എം.(പി8) 1670/2023 തീയതി. 15.12.2023 |
| 2023-24 | കെ.എസ്.എ.-ഇ.കെ.എം.(പി8) 1176/2024 തീയതി. 07.03.2025 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 02 dated 02 dated 10-06-2025 and submitted on 21-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Avoly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Avoly Grama Panchayat as on 31-03-2025

**Date: 06/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Avoly Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

**2.Other Observations**

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. In Cash Flow statement, Net increase - decrease in cash flow do not match with difference between opening balance and closing balance.

3. Property tax figures do not match between the annual financial statements and Sanjaya figures.

4. Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

5. Advance given to NHM is recorded under the head capital expenditure other than Advance to implementing agencies.

6. Amount deposited with the Kerala Water Authority is recorded under the Assets head without obtaining the utilization certificate from Kerala Water Authority.

7. The district panchayat share received for the joint venture S0091/25 was not included in the Annual Financial Statement.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്